**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- പാലക്കാട് ജില്ല-മുതലമട ഗ്രാമപഞ്ചായത്ത്-ഇഎംഎസ് ഭവനപദ്ധതി നടത്തിപ്പിലെ ക്രമക്കേടുകൾ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ ശ്രീ.കെ.ശിവദാസൻ, ശ്രീ.സി.ആർ.പ്രദീപ്കുമാർ എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി തീർപ്പാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സ.ഉ. (സാധാ)നം. 1682/2017/തസ്വഭവ തിരുവനന്തപുരം, തീയതി: 24.5.2017

---

പരാമർശം : 1. വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 16.2.2015 ലെ E9(SC 04/2014/PKD )321/2014 നമ്പർ കത്ത്.

2. മുതലമട ഗ്രാമപഞ്ചായത്ത് മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.ശിവദാസൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.സി.ആർ.പ്രദീപ്കുമാർ എന്നിവർക്ക് സർക്കാരിൽ നിന്നും 16/07/2015-ൽ നൽകിയ കുറ്റപത്രവും കുറ്റാരോപണപത്രികയും.

3. 09/09/2015, 11/09/2015 തീയതികളിൽ യഥാക്രമം ശ്രീ.കെ.ശിവദാസൻ, ശ്രീ.സി.ആർ.പ്രദീപ്കുമാർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ.

4. ഗ്രാമവികസന കമ്മീഷണറുടെ 31/03/2016 തീയതിയിലെ 14775/എസ്റ്റാ.എ 3/15/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ മുതലമട ഗ്രാമപഞ്ചായത്തിലെ 2012-13 വർഷത്തെ ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പാലക്കാട് യൂണിറ്റ് പരിശോധന നടത്തുകയും പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ക്രമക്കേടുകൾക്ക് ഉത്തരവാദികളായി കണ്ടെത്തിയ മുതലമട ഗ്രാമപഞ്ചായത്ത് മുൻവില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.ശിവദാസൻ, വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.സി.ആർ.പ്രദീപ്കുമാർ എന്നിവർക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം സർക്കാരിൽ നിന്നും കുറ്റപത്രവും, കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തു. പരാമർശം (3) പ്രകാരം ടിയാളുകൾ പ്രതിവാദ പത്രികകൾ സമർപ്പിച്ചു.

മുതലമടഗ്രാമ പഞ്ചായത്തിലെ 2012-13 വർഷത്തെ ഇ.എം.എസ് ഭവന പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളുടെ പട്ടികയിൽ ശ്രീമതി.കലാമണി,W/O.സുരേഷ്.ശ്രീമതി.മഹേശ്വരി W/o സെന്തിൽകുമാർ എന്നിവർ ഉൾപ്പെട്ടിരുന്നുവെങ്കിലും ടിയാളുകൾക്ക് പദ്ധതി

പ്രകാരമുള്ള ആനുകൂല്യം നൽകുകയുണ്ടായില്ല. ശ്രീമതി.കലാമണി, ശ്രീമതി.മഹേശ്വരി എന്നിവർക്ക് ആനുകൂല്യം നൽകാതിരുന്നത് തദ്ദേശവാസികളിൽ നിന്നും ലഭിച്ച പരാതിയുടെയും തുടർന്ന് നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലായിരുന്നുവെന്നും ശ്രീമതി.കലാമണി W/o സുരേഷ് എന്നായൾ പട്ടികവർഗ്ഗത്തിൽപ്പെടുന്നയാളല്ലെന്നും ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്നും പരാതി ലഭിച്ചിരുന്നുവെന്നും പ്രസ്തുത പരാതി താൻ മുതലമട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർ തഹസീൽദാർ അന്വേഷണം നടത്തുകയും ശ്രീമതി.കലാമണി പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നയാളെല്ലെന്നും ഹിന്ദുചാന്നാർ വിഭാഗത്തിൽ പെടുന്നയാളാണെന്നും ഹിന്ദു ചാന്നാർ എന്നത് കേരള സംസ്ഥാനത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിലോ മറ്റ് പിന്നോക്ക വിഭാഗത്തിലോ ഉൾപ്പെടുന്ന വിഭാഗമല്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഗുണഭോക്താവിന് ആനുകൂല്യം നൽകാതിരുന്നത് എന്ന് ശ്രീ.ശിവദാസൻ മറുപടി നൽകിയിട്ടുണ്ട്. ശ്രീമതി.മഹേശ്വരിയ്ക്ക് ടിയാളുടെയോ ഭർത്താവിന്റെയോ പേരിൽ ഭൂസ്വത്തുക്കൾ ഇല്ലെന്നുള്ള മുതലമട വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിന്റെയും 21/05/2013 ലെ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരവും 28/05/2013-ന് ചേർന്ന ഗ്രാമസഭാ യോഗത്തിന്റെയും അടിസ്ഥാനത്തിലാണ് ടിയാൾക്ക് ആനുകൂല്യം നൽകാതിരുന്നതെന്ന് പ്രതിവാദപത്രികയിൽ ടിയാൻ ബോധിപ്പിച്ചു 28/05/2013-ന് ചേർന്ന ഗ്രാമസഭ, കുടുംബമായി ജീവിക്കുന്നവർക്ക് മാത്രം ആനുകൂല്യം നൽകിയാൽ മതിയെന്ന് തീരുമാനിച്ചിരുന്നുവെന്നും, അറിയിപ്പ് നൽകിയിട്ടും പ്രസ്തുത ഗ്രാമസഭയിൽ ശ്രീമതി.മഹേശ്വരി പങ്കെടുത്തിരുന്നില്ലെന്നും ടിയാൻ ബോധിപ്പിച്ചു തന്റെ ഭാഗത്തു നിന്നും യാതൊരുവിധ കൃത്യവിലോപവും ഉണ്ടായിട്ടില്ലെന്നും ശിക്ഷണനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അഭ്യർത്ഥിച്ചു.

2013 ആഗസ്റ്റ് മാസം താൻ മുതലമട ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ആയി ചുമതലയേറ്റതിനുശേഷം ശ്രീമതി.കലാമണി W/o ശ്രീ.സുരേഷ്, ശ്രീമതി.മഹേശ്വരി W/o സെന്തിൽകുമാർ എന്നിവർ ഭവന നിർമ്മാണപദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് തന്നെ സമീപിച്ചിരുന്നില്ലെന്നും വിജിലൻസ് പരിശോധനാ സമയത്ത് ആവശ്യപ്പെട്ട ഫയലുകൾ നൽകുവാൻ കഴിയാതിരുന്നത് പ്രസ്തുത ഫയലുകൾ തദ്ദേശ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാനിൽ ഹാജരാക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിച്ചിരുന്നതിനാലാണെന്നും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ശ്രീ. സി.ആർ.പ്രദീപ്കുമാർ മറുപടി നൽകി. ഇതേ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.വി.പി.നിജാമുദ്ദീൻ വലിയചള്ള നൽകിയ പരാതിയിന്മേൽ ബഹു.തദ്ദേശസ്വയംഭരണ സ്ഥപാനങ്ങൾക്ക വേണ്ടിയുള്ള ഓംബുഡ്സ്മാൻ 2014 ഒക്ടോബർ മാസം 14 ന് പാലക്കാട് ജില്ലാ കോൺഫറൻസ് ഹാളിൽ നടത്തിയ വിചാരണയിൽ ശ്രീമതിമാർ. കലാമണി, മഹേശ്വരി എന്നിവർ പങ്കെടുത്തിരുന്നില്ലെന്നും ഓംബുഡ്സ്മാൻ കേസിന്റെ തുടർനടപടികൾ അവസാനിപ്പിച്ചിട്ടുള്ളതാണെന്നും തന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായിട്ടില്ലെന്നും നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ശ്രീ. സി.ആർ.പ്രദീപ് കുമാർ അഭ്യർത്ഥിച്ചു.

ശ്രീ.കെ.ശിവദാസൻ, ശ്രീ.സി.ആർ.പ്രദീപ്കുമാർ എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകളിന്മേൽ പരാമർശം (4) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചു. ശ്രീമതി.കലാമണി, ശ്രീമതി.മഹേശ്വരി എന്നിവർക്ക് ഭവനനിർമ്മാണം ലഭിക്കുന്നതിനുള്ള അർഹതയില്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലായിരുന്നു ടിയാളുകളെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.ശിവദാസൻ താല്ക്കാലികമായി ഒഴിവാക്കിയതെന്നും, ശ്രീ.സി.ആർ.പ്രദീപ്കുമാർ മുതലമട വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായി ചുമതല ഏറ്റതിനുശേഷം 2012-13 വർഷത്തെ പട്ടികവർഗ്ഗ വിഭാഗത്തിനായുള്ള ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരും പരാതിക്കാരുമായ ശ്രീമതിമാർ കലാമണി, മഹേശ്വരി എന്നിവർ പ്രസ്തുത ആനുകൂല്യത്തിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസിൽ എത്തിയിരുന്നില്ലെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു. ശ്രീ.സി.ആർ.പ്രദീപ്കുമാറിന് പരിശോധന സമയത്ത് ആവശ്യപ്പെട്ട ഫയലുകൾ ഹാജരാക്കാൻ കഴിയാതിരുന്നത് പ്രസ്തുത ഫയലുകൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ സമർപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ കൈവശമായിരുന്നതിനാലാണെന്നും ഇതേ വിഷയമുന്നയിച്ച് ശ്രീ.പി.വി.നിജാമുദ്ദീൻ വലിയചള്ള നൽകിയ പരാതി 14/10/2014-ന് പാലക്കാട് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഓംബുഡ്സ്മാൻ വിചാരണയ്ക്ക് വെച്ചിരുന്നതായും ശ്രീമതി.കലാമണി, ശ്രീമതി.മഹേശ്വരി എന്നിവർ ഹാജരായിരുന്നില്ലെന്നും പരാതിയിലെ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് രേഖാമൂലമുള്ള ഉത്തരവ് ബഹു.ഓംബുഡ്സ്മാനിൽ നിന്നും ലഭിച്ചിട്ടുള്ളതായും ഗ്രാവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായ ശ്രീ.കെ.ശിവദാസൻ, ശ്രീ.സി.ആർ.പ്രദീപ്കുമാർ എന്നിവർ മന:പൂർവ്വം

ആനുകൂല്യം നൽകാതിരുന്നിട്ടില്ലെന്നും ടി ഓഫീസർമാർക്കെതിരെ തുടർനടപടികൾ ആവശ്യമില്ലെന്നും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുതലമട ഗ്രാമപഞ്ചായത്തിൽ 2012-13 വർഷം നടപ്പിലാക്കിയ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയിൽ ശ്രീമതി കലാമണി, ശ്രീമതി.മഹേശ്വരി എന്നിവരെ ഒഴിവാക്കിയതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥരായ മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.കെ.ശിവദാസൻ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശ്രീ.സി.ആർ.പ്രദീപ്കുമാർ എന്നിവർക്കെതിരെ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടിയിൽ നിന്നും ടി ഉദ്യോഗസ്ഥരെ കുറ്റവിമുക്തരാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ ഐ.എ എസ്**

സെക്രട്ടറി

1) ശ്രീ.കെ.ശിവദാസൻ, മുൻ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മുതലമട ഗ്രാമപഞ്ചായത്ത് ( ഗ്രാമവികസന കമ്മീഷണർ മുഖേന)
2) ശ്രീ.സി.ആർ.പ്രദീപ്കുമാർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( ഗ്രാമവികസന കമ്മീഷണർ മുഖേന).
3) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
5) അക്കൗണ്ടന്റ് ജനറൽ, (എ&ഇ), എറണാകുളം
6) വിജിലൻസ് (ഡി) വകുപ്പ് (21/03/2015 ലെ നം. 2097/ഡി3/2015/വിജി പ്രകാരം)
7) ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ
8) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
9) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
10) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ